(ബി) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിലെ പുതിയാപ്പയിൽ മത്സ്യഫെഡ് മണ്ണെണ്ണ ബങ്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ പുതിയാപ്പയിൽ ഏത് സ്ഥലമാണ് നിർദ്ദിഷ്ട ബങ്ക് നിർമ്മാണത്തിനായി കണ്ടെത്തിയതെന്നും പ്രസ്തുത സ്ഥലത്ത് നിലവിൽ ബങ്ക് നിർമ്മാണത്തിന് തടസ്സങ്ങൾ നേരിടുന്നുണ്ടോയെന്നും വ്യക്തമാക്കാമോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ തീരദേശ ജില്ലകളിൽ 12 മണ്ണെണ്ണ ബങ്കുകൾ സ്ഥാപിച്ച് മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ പൊതുമേഖലാ സ്ഥാപനങ്ങളായ I.O.C., H.P.C.L., B.P.C.L. എന്നിവിടങ്ങളിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നതിന് മണ്ണെണ്ണ ബങ്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ മരിയനാട്, കൊല്ലം ജില്ലയിൽ നീണ്ടകര, ആലപ്പുഴ ജില്ലയിൽ വളഞ്ഞ വഴി എന്നിവിടങ്ങളിൽ ബങ്കുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. കാസർഗോഡ്, പൊന്നാനി, തോപ്പുംപടി, അഴീക്കോട്, കണ്ണൂർ, പുതിയാപ്പ, ഉണ്ണിയാൽ, അർത്തുങ്കൽ, വിഴിഞ്ഞം എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ഉദ്ദേശിക്കുന്നുണ്ട്.

(സി) കോഴിക്കോട് ജില്ലയിലെ എലത്തൂർ വില്ലേജിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ 15 സെന്റ് സ്ഥലമാണ് ബങ്ക് നിർമ്മാണത്തിനായി കണ്ടെത്തിയിട്ടുള്ളത്. പുതിയാപ്പ ഹാർബറിൽ ബങ്ക് നിർമ്മാണത്തിന് ഉണ്ടായിരുന്ന തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ബങ്ക് നിർമ്മാണ സ്ഥലത്ത് തടസ്സമായുണ്ടായിരുന്ന താൽക്കാലിക ഷെഡ്കുകൾ ജില്ലാ ഭരണകൂടത്തിന്റെ മേൽനോട്ടത്തിൽ നീക്കം ചെയ്ത് തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

154(158) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പൊതു പ്രശ്നങ്ങളെക്കുറിച്ച് പഠിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) റിപ്പോർട്ടിൽ കേരളത്തിന്റെ പ്രശ്നങ്ങൾ എന്തെല്ലാമെന്ന് പഠിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശം (ശരാശരി തീരത്തു നിന്നും 32 മുതൽ 40 നോട്ടിക്കൽ മൈലിനുള്ളിൽ വരുന്ന പ്രദേശം) ഒരു ബഫർ സോണായി നിലനിർത്തുന്നതും വിദേശ ട്രോളറുകൾക്ക് മത്സ്യബന്ധനത്തിനു അനുമതി നൽകാനുള്ള ശിപാർശയും ഇന്ത്യയ്ക്ക് ആവശ്യമായ expertise-ഉം, സാങ്കേതിക ജ്ഞാനവും ഇല്ലായെന്ന കാരണം പറഞ്ഞ് വിദേശ കപ്പലുകൾക്കും വിദേശ തൊഴിലാളികൾക്കും ഇപ്പോഴുള്ള emigration clearance ഉദാരമാക്കി അവരെ ഉപയോഗപ്പെടുത്തിയും മത്സ്യബന്ധനം നടത്തണമെന്ന ശിപാർശയും കേരളത്തിലെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഇപ്പോൾതന്നെ LOP വ്യവസ്ഥയിൽ വിദേശ ട്രോളറുകൾ ഈ പ്രദേശത്ത് മത്സ്യബന്ധനം ക്രമാതീതമായി നടത്തുന്നതു കാരണം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കു മത്സ്യലഭ്യത കുറഞ്ഞുവരികയാണ്. നിലവിലുള്ള മത്സ്യബന്ധന യാനങ്ങൾക്കുപുറമേ 240 tuna long liner ഉം 15 purse sciners ഉം 15 squid jigger ഉം ഉൾപ്പെടെ 270 ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾക്കുകൂടി EEZ മത്സ്യബന്ധനത്തിന് അനുവാദം നൽകുന്നതിനുള്ള ശിപാർശയും മത്സ്യബന്ധനം ഉപജീവനമാക്കിയിട്ടുള്ള മത്സ്യ തൊഴിലാളികളെയും ബോട്ടുടമകളെയും ദോഷകരമായി ബാധിക്കുന്നതാണ്.

(സി) മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ പല ശിപാർശകളും കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കും എന്നുള്ളതിനാൽ പ്രസ്തുത ശിപാർശകൾ തള്ളിക്കളയുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് പലതലങ്ങളിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. 18-3-2015-ൽ ബഹുമാനപ്പെട്ട കേന്ദ്രകൃഷി മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ബഹുമാനപ്പെട്ട ഫിഷറീസും പോർട്ടും വകുപ്പുമന്ത്രി വളരെ ശക്തമായി ഈ വിഷയം ഉന്നയിക്കുകയും മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കരുതെന്ന് ആവശ്യപ്പെടുകയും ചെയ്തു ഇക്കാര്യം ആവശ്യപ്പെട്ടു കൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര കൃഷി മന്ത്രിയ്ക്ക് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly